ഏകീകൃത പൊതുജനാരോഗ്യ നിയമം

43 (6195) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്ത് ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ എത്രമാത്രമായെന്ന് വ്യക്തമാക്കുമോ ;

(ബി) ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പാക്കുമെന്ന് മുമ്പ് നയപ്രഖ്യാപന പ്രസംഗത്തിലും ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ കരട് ബിൽ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നതായി ഗവൺമെന്റ് അറിയിച്ചിട്ടും ഈ നിയമം കൊണ്ടു വരുന്നതിനുള്ള കാലതാമസമെന്താണെന്ന് വിശദമാക്കാമോ ;

(സി) ഈ നിയമം എന്നേയ്ക്ക് കൊണ്ടുവരുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; അടിയന്തരമായി ഈ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) - (സി) ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള കരട് ബില്ലിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് രൂപം നൽകി വരുന്നു.

സാമൂഹ്യ സുരക്ഷാ മിഷൻ

44 (6196) ശ്രീ. പി. കെ. അബ്ദുറബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ നിലവിൽ വന്നശേഷം ശമ്പളം, ടി. എ, ഡി. എ, അതിഥി സൽക്കാരം എന്നിവയ്ക്ക് ഓരോ ഉദ്യോഗസ്ഥനും ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ ;

(ബി) ഓരോ ഉദ്യോഗസ്ഥരുടെയും നിയമന രീതി, യോഗ്യത, ശമ്പള സ്കെയിൽ, മാതൃസ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന തസ്തിക, ശമ്പള സ്കെയിൽ എന്നിവ സഹിതം ലഭ്യമാക്കുമോ ;

(സി) രൂപീകൃതമായശേഷം ഈ സ്ഥാപനം എന്തൊക്കെ പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത് ; അതിനായി എന്ത് തുക ചെലവഴിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജി.ഒ.എം.എസ്.56/08/സാക്ഷേവ തീയതി 14-10-2008 പ്രകാരം നിവേദിൽ വന്ന കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ വിവിധ കാലയളവുകളിൽ ജീവനക്കാർക്ക് നൽകിയ ശമ്പളം റ്റി.എ, ഡി.എ, എന്നിവയുടെ കണക്ക് ചുവടെ ചേർക്കുന്നു.

ഉദ്യോഗസ്ഥന്റെ പേര്	തസ്തിക	ചെലവഴിച്ച തുക	
		ശമ്പളം	ടി.എ/ഡി.എ.
(1)	(2)	(3)	
1. റൊസാരിയോ എലിസബത്ത്	റീജിയണൽ ഡയറക്ടർ (എക്സിക്യൂട്ടീവ് ഡയറക്ടർ -ഇൻ-ചാർജ്)	2,48,273	9811
2. ഡോ. മിനി നായർ	റീജിയണൽ ഡയറക്ടർ	5,69,610	11,983
3. പി. ജയകുമാരി	അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസർ	3,88,719	
4. എൽ. രാജൻ.	അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസർ	1,19,658	4382
5. ചന്ദ്രമോഹനൻ	പ്രോഗ്രാം കോ-ഓർഡിനേറ്റർ	4,70,051	6177
6. എസ്. ശ്രീരഞ്ജിനി	പ്രോഗ്രാം കോ-ഓർഡിനേറ്റർ	3,17,304	7808
7. എസ്. ഷാജി	പ്രോഗ്രാം കോ-ഓർഡിനേറ്റർ	16,917	–
8. നീന	അസിസ്റ്റന്റ്	444,02	ഇല്ല.
9. അബ്ദുൽ ബാരി	അസിസ്റ്റന്റ്	1,97,319	12290

ഇതിന് പുറമേ ഒരു വർഷത്തെ കരാറടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന 5 അസിസ്റ്റന്റ്മാർക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഉദ്യോഗസ്ഥന്റെ പേര്	തസ്തിക	ചെലവഴിച്ച തുക	
		ശമ്പളം	ടി.എ/ഡി.എ.
(1)	(2)	(3)	(4)
1. കുമാരി അനിത	അസിസ്റ്റന്റ്	37,500	1199
2. ശ്രീമതി പ്രീത കെ. എസ്	അസിസ്റ്റന്റ്	37,500	133
3. ശാന്തി എസ്.	അസിസ്റ്റന്റ്	37,500	73
4. രാകേഷ് ജെ. എസ്.	അസിസ്റ്റന്റ്	36,696	1021
5. നജ്മുനീസ ബീഗം	അസിസ്റ്റന്റ്	1607	ഇല്ല.

(ബി) സാമൂഹ്യ സുരക്ഷാ മിഷനിൽ ഇപ്പോൾ ചുമതല നിർവ്വഹിക്കുന്ന ജീവനക്കാരുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

പദ്ധതി	ചെലവഴിച്ച തുക
1. ക്യാൻസർ സുരക്ഷാ പദ്ധതി	3,80,13,803
2. ഹംഗർഫ്രീ സിറ്റി സ്കീം	65,00,000
3. സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം	5,00,00,000
4. ക്ഷേമസ്ഥാപനങ്ങളിൽ കെയർ ഗിവേഴ്സിനെ നൽകുന്ന പദ്ധതി	4,86,000
5. താലോലം പദ്ധതി	30,19,049
6. ആശ്വാസകിരണം പദ്ധതി	3,08,835
7. സ്നേഹസ്പർശം	2,29,500
8. അന്നദായിനി	3,58,248
9. വൈകല്യ സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും വിതരണം	1,86,19,050
10. ആത്മഹത്യാ പ്രവണത തടയുന്നതിനുള്ള പദ്ധതി	7,09,704

ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം

45 (6197) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം (എൻ. ആർ. എച്ച്. എം.) എന്ന പദ്ധതി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് ഗ്രാന്റിനത്തിൽ സംസ്ഥാനത്തിന് ഏതെങ്കിലും തുക നഷ്ടമായിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) എൻ. ആർ. എച്ച്. എം.വഴി നിയമിക്കപ്പെട്ടവരുടെ നിയമനരീതി എന്താണെന്നും ഇതിൽ എത്ര പേർ സർവ്വീസിൽ തുടരുന്നുണ്ടെന്നും എത്ര പേരെ പിരിച്ചയച്ചുവെന്നും ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള പേരുവിവരങ്ങൾ വ്യക്തമാക്കുമോ ;

ഉത്തരം

(എ) 2012-ൽ പൂർത്തിയാകേണ്ടതാണ്.

(ബി) നഷ്ടമായിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly